## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2990 — 28.01.2014 ൽ മറുപടിക്ക്

### സ്മാർട്ട് വില്ലേജുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്<br>" ഹൈബി ഈഡൻ<br>" വി. എ. മാധവൻ<br>" ആർ. സെൽവരാജ് | ശ്രീ. അടൂർ പ്രകാശ്<br>(ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി) |

| ചോദ്യം | ഉത്തരം |
|---|---|
| (എ) സ്മാർട്ട് വില്ലേജുകൾ ആരംഭിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;<br><br>(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) & (ബി) ഉണ്ട്. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനികരീതിയിലും (modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടു കൂടിയാണ് 'സ്മാർട്ട്' റവന്യൂ ഓഫീസ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും എവിടെ വച്ചും (Any time Any where) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി ഇ-ഗവേണൻസ്,എം-ഗവേണൻസ് എന്നിവയെ പരമാവധി ആശ്രയിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ ഭാഗമായി കേരളമൊട്ടാകെ വില്ലേജ് ഓഫീസുകൾക്ക് പുറമെ അക്ഷയ കേന്ദ്രങ്ങളിൽ നിന്നു കൂടി ഇതിനകം ഉദ്ദേശം 52 ലക്ഷം സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ ഒപ്പോടുകൂടി വിതരണം ചെയ്യപ്പെട്ടിട്ടുണ്ട്. എല്ലാ വില്ലേജ് ഓഫീസർമാർ ക്കും ലാപ്ടോപ്പ് ഇതിനോടകം ലഭ്യമാക്കിയിട്ടുണ്ട്. റവന്യൂ വകുപ്പ് വിഭാവനം ചെയ്ത "എപ്പോഴും എവിടെയും" സേവനം (Any Time Any Where) അങ്ങനെ സാദ്ധ്യമാകുന്നു. |

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

(സി) സംസ്ഥാനത്തെ 14 വില്ലേജ് ഓഫീസുകളെ 'SMART' വില്ലേജ് ഓഫീസുകളാക്കി മാറ്റുന്നതിന് M/s ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിക്കായി **1,40,00,000/-** രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ **14** വില്ലേജാഫീസുകൾ ഈ പദ്ധതിയുടെ ആദ്യഘട്ടത്തിൽ **SMART** വില്ലേജാഫീസുകളായി മാറ്റപ്പെടും, ജില്ലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ജില്ലാ ഐ.റ്റി സെൽ നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ